**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1736** **29-09-2025 - ൽ മറുപടിയ്ക്ക്**

**റബ്ബറിന്റെ വില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഒരു മാസത്തിനിടയിൽ റബ്ബറിന്റെ വിലയിൽ 25 രൂപയിലധികം കുറവുണ്ടായത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ; | (എ) | കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങൾ മൂലം റബ്ബറിന് വില അസ്ഥിരത കാർഷിക വിപണി നേരിടുന്നുണ്ട്.**റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്, രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്ന രീതിയാണ് പദ്ധതിയിൽ അനുവർത്തിക്കുന്നത്. ഈ പദ്ധതിയിലൂടെ കിലോഗ്രാമിന് 180/- രൂപാ നിരക്കിൽ കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനാൽ വിലയിടിവുള്ള സാഹചര്യങ്ങളിൽ പദ്ധതി കർഷകർക്ക് ആശ്വാസം നല്കുന്നുണ്ട്.**<br><br>**2024 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്, കിലോഗ്രാമിന് 170/- രൂപ എന്നത് 180/- രൂപയാക്കി സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബറിന്റെ ഉല്പാദന ചെലവ് വർദ്ധിക്കുന്ന സാഹചര്യത്തിൽ റബ്ബർ ഇൻസെന്റീവ് സ്കീമിൽ നിന്ന് കൂടുതൽ തുക അനുവദിക്കണമെങ്കിലോ റബ്ബറിന്റെ താങ്ങുവില ഉയർത്തണമെങ്കിലോ കേന്ദ്ര സഹായം ആവശ്യമാണ്. താങ്ങുവില വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അനുകൂലമായ നിലപാട് കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടില്ല.** |
| (ബി) | റബ്ബറിന്റെ വിലയിടിവു മൂലം ദുരിതം അനുഭവിക്കുന്ന കർഷകർക്ക് ആശ്വാസം നൽകുന്നതിനായി തറവില ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ബി) | കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങൾ മൂലം റബ്ബറിന് വില അസ്ഥിരത കാർഷിക വിപണി നേരിടുന്നുണ്ട്.**റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി** |

| | | | |
|---|---|---|---|
| | | | **വരുന്നു. അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്, രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്ന രീതിയാണ് പദ്ധതിയിൽ അനുവർത്തിക്കുന്നത്. ഈ പദ്ധതിയിലൂടെ കിലോഗ്രാമിന് 180/- രൂപാ നിരക്കിൽ കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനാൽ വിലയിടിവുള്ള സാഹചര്യങ്ങളിൽ പദ്ധതി കർഷകർക്ക് ആശ്വാസം നല്കുന്നുണ്ട്.**<br><br>**2024 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്, കിലോഗ്രാമിന് 170/- രൂപ എന്നത് 180/- രൂപയാക്കി സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബറിന്റെ ഉല്പാദന ചെലവ് വർദ്ധിക്കുന്ന സാഹചര്യത്തിൽ റബ്ബർ ഇൻസെന്റീവ് സ്കീമിൽ നിന്ന് കൂടുതൽ തുക അനുവദിക്കണമെങ്കിലോ റബ്ബറിന്റെ താങ്ങുവില ഉയർത്തണമെങ്കിലോ കേന്ദ്ര സഹായം ആവശ്യമാണ്. താങ്ങുവില വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അനുകൂലമായ നിലപാട് കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടില്ല.** |

സെക്ഷൻ ഓഫീസർ